# തിന്മയെ നന്മകൊണ്ട് ജയിക്കുക, അന്യരെ വിധിക്കരുത്

വി. ലൂക്കാ 6/27-36, വി. മത്തായി 5/38-48
വി. ലൂക്കാ 6/37-42, വി. മത്തായി 7/1-5

**Homily points collected by Fr. George Kanamkudam. Fr. Kanamkudam can be reached at** frgkanamkudam@rediffmail.com

## ആമുഖം

ക്രൈസ്തവ ജീവിത ധാർമ്മികതയിൽ പ്രതികാരത്തിനോ, തിരിച്ചടിക്കോ യാതൊരു സ്ഥാനവുമില്ല എന്ന പ്രമേയം സുവിശേഷകൻ അവതരിപ്പിക്കുന്നു. ശത്രുക്കളെ സ്നേഹിക്കേണ്ട വിധം മൂന്നു രീതികളിൽ അവതരിപ്പിക്കുന്നു

1 ദ്വേഷിക്കിന്നവർക്ക് നന്മ ചെയ്യുവിൻ
2 ശപിക്കുന്നവരെ അനുഗ്രഹിക്കുവിൻ
3 അധിക്ഷേപിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ

ശത്രു എന്നത്, ദൈവത്തോട് ചേർന്നു നിൽക്കുന്നതു നിമിത്തം നിങ്ങളെ ദ്വേഷിക്കുകയും പുറന്തള്ളുകയും അവഹേളിക്കുകയും ചെയ്യുന്നവരാണ്. സ്നേഹിക്കാൻ സാധിക്കാത്തവനാണ്, സ്നേഹത്തിനർഹതയില്ലാത്തവനാണ് ശത്രു.

നാലു പ്രായോഗിക വശങ്ങൾ ഉദാഹരിക്കുന്നു

1 കരണത്തടിക്കുന്നവന് മറ്റേ ചെകിടുകൂടി കാണിച്ചു കൊടുക്കുവിൻ
2 കുപ്പായം എടുക്കുന്നതിൽ നിന്നു തടയരുത്
3 ചോദിക്കുന്ന ഏതൊരുവനും കൊടുക്കുക
4 വസ്തുക്കൾ എടുത്തുകൊണ്ടു പോകുന്നവനോട് തിരികെ ചോദിക്കരുത്

പ്രകോപനപരമായ പ്രവർത്തികളോട് സൗഹൃദപരമായ സമീപനം സ്വീകരിക്കണം. തിന്മയെ അതിലും വലുതുകൊണ്ട് നേരിടുകയാണ് മാനുഷിക പ്രവണത. ശാശ്വത പരിഹാരവും സമാധാനവും പ്രതികാരം തരികയില്ല. നമുക്കിഷ്ടമില്ലാത്തവരെ മനസ്സിൽ നിന്നും കുടി ഒഴിപ്പിക്കുന്ന വിദ്യയാണ് ഏവർക്കും പ്രിയം.

ശത്രുവിനെ സ്നേഹിക്കാനാവില്ല എന്ന ധാരണ എല്ലായിടത്തുമുണ്ട്. യേശു അയക്കുന്നവരുടെ അനുദിന ജീവിതശൈലി യേശുവിന്റെ കാരുണ്യസ്നേഹത്തിന് സാക്ഷ്യമാകണം. കരുണയുള്ള പിതാവിന്റെ മക്കളായതിനാലാണ് ശത്രുക്കളോട് ക്രിയാത്മകമായി പെരുമാറണമെന്ന് യേശു ആവശ്യപ്പെടുന്നത്. ശത്രുവിന് സ്നേഹം, ദ്വേഷിക്കുന്നവന് നന്മ, ശപിക്കുന്നവന് അനുഗ്രഹം, നിന്ദിക്കുന്നവന് പ്രാർത്ഥന. അതാണ് ക്രിസ്തുവിന്റെ വഴി. ലോകത്തിനു ദഹിക്കാത്ത, രുചിക്കാത്ത വഴി.

## വ്യത്യസ്ഥ ധാർമ്മികത

സാധാരണക്കാരെ അതിലംഘിക്കുന്ന ധാർമ്മികത ശീലമാക്കണം. നിങ്ങളെ

1 സ്നേഹിക്കുന്നവരെ മാത്രം സ്നേഹിക്കുന്നതിൽ
2 നന്മചെയ്യുന്നവർക്കു മാത്രം നന്മചെയ്യുന്നതിൽ
3 തിരിച്ചു കിട്ടുമെന്നു കരുതി വായ്പ കൊടുക്കുന്നതിൽ

യാതൊരു മേന്മയുമില്ല.

ശത്രുക്കളെ സ്നേഹിക്കുന്നവർക്കു രണ്ടു സമ്മാനങ്ങളുണ്ട്.

1 പ്രതിഫലം (ദൈവത്തിന്റെ അംഗീകാരം) വലുതായിരിക്കും,
2 അവരെ അത്യുന്നതന്റെ മക്കളാക്കുന്നു.

ശത്രുക്കളെ സ്നേഹിച്ചാണ് അത്യുന്നതന്റെ മക്കളാകേണ്ടത്. ദൈവത്തിന്റെ സ്വഭാവം ദൈവപൈതലിനും ഉണ്ടാകണം.

## ശത്രുവിന്റെ ഗുണങ്ങൾ

നമ്മുടെ സ്വാർത്ഥതയെ എതിർക്കുന്നവർ, അഹന്തയെ മുറിവേല്പിക്കുന്നവർ ഇടുങ്ങിയ ചിന്തയെ ചോദ്യം ചെയ്യുന്നവരെ നാം വെറുക്കുന്നു. പക്ഷെ അവർ നമ്മെ ശുദ്ധീകരിക്കുന്നു, രൂപീകരിക്കുന്നു, ക്രിയാശേഷിയെ ഉണർത്തുന്നു. അതിനാൽ ശത്രുവിനെ പ്രതി ദൈവത്തിനു നന്ദി പറയുക, അവനെ സ്നേഹിക്കുക.

ശത്രുവിനോട് നിർവ്വികാരതയാണ് നമ്മുടെ ശീലം. നൂലാമാലകളകറ്റാൻ, പുലിവാല് പിടിക്കാതിരിക്കാൻ നയപരമായി നാം നിർവ്വികാരരാകുന്നു. ശത്രുക്കളുടെ പദ്ധതികൾ നമുക്ക് ചിലപ്പോൾ ദൈവികപദ്ധതികളാവാം. ജോസഫിനെ കിണറ്റിലിട്ടപ്പോൾ ആദ്യം ദുഖമുണ്ടായെങ്കിലും ഈജിപ്തിലെ ക്ഷാമാവസരത്തിൽ കുടുംബത്തെ പോറ്റാൻ അവനായി. അതിനായി മുമ്പേ അയക്കപ്പെട്ടതായി അവൻ തന്റെ വേർപാടിനെ കാണുകയുണ്ടായി.

## ദൈവകൃപനേടാൻ

ദൈവകൃപനേടാൻ മൂന്നു കാര്യങ്ങൾ നാം ചെയ്യണം.

1 ക്ഷമിച്ച് പ്രാർത്ഥിക്കണം
2 ക്ഷമിച്ച് ബലിയർപ്പിക്കണം
3 സ്വന്തം തെറ്റ് ഏറ്റു പറയണം.

## സഹഭൃത്യനോട് കരുണ കാണിക്കാതരുന്നവൻ

കരുണയില്ലാത്ത ഭൃത്യൻ സഹഭൃത്യനെ ദ്രോഹിച്ച കഥ നമ്മിൽ ആവർത്തിക്കാറുണ്ട്. യജമാനന്റെ വലിയ പൊറുതി അവനു കിട്ടാതെ പോയി. മാനസികസ്വസ്ഥത നഷ്ടമായ അയാൾ സഹഭൃത്യനോട് പ്രതികാരം ചെയ്യുന്നു, മുറിവേറ്റ അയാൾ സഹഭൃത്യനെയും മുറിവേൽപിക്കുന്നു. മാനസികാവശ്യങ്ങൾ തൃപ്തിയാകുമ്പോഴെ നമുക്ക് അന്യരോട് സഹതാപപൂർവ്വം പെരുമാറാനാവൂ.

## ശത്രുത അനാരോഗ്യം

മനസ്സിലെ സൂര്യനസ്തമിക്കും മുമ്പ് നാം പരസ്പരം രമ്യതപ്പെടണം. രാത്രിയിൽ തിന്മയുടെ ശക്തികൾ പ്രവർത്തിക്കും. സാത്താൻ മനസ്സിനെ മലിനമാക്കും. ശത്രുത ഒരു ഭീകരമായ പ്രശ്നമാണ്. നഷ്ടവും നാശവും കാത്തിരിക്കുന്നവരാണ് ശത്രുക്കൾ. ശരീര മാനസിക ആത്മീയ അനാരോഗ്യമാണ് ഇതിന്റെ ഫലം.

## തറവാടും മേൽവിലാസവും

ശ്ലീഹന്മാർ സഭയെ വളർത്തിയത് ശത്രുക്കളെ സ്നേഹിക്കുന്ന അസാധാരണ രീതിയിലൂടെ ആയിരുന്നു. ദൈവത്തിന്റെ തറവാടിന്റെ പേര് കരുണ എന്നാണ്. മക്കൾക്കും ആ മേൽവിലാസം വേണം. ശ്ലീഹന്മാർ കാരുണ്യത്തിന്റെ ശിലകൊണ്ട് സഭയുടെ വിശുദ്ധ ഭവനം പണിതു.

## പ്രധാന ജീവിതാനുഭവങ്ങൾ

ജീവിതത്തിലെ നിരന്തരമായ രണ്ടനുഭവങ്ങളാണ് ശത്രുക്കൾ ഉണ്ടാകുക, അവരോട് പക ഉണ്ടാകുക എന്നത്. ഇത്തരം അനുഭവങ്ങൾക്കുള്ള മറുപടി ഒരു ജീവിതശൈലിയാണ്, അതാണ് കർത്താവ് ഈ സന്ദേശത്തിലൂടെ പഠിപ്പിക്കുന്നത്. ശത്രുവിനെ സ്നേഹിക്കുകയെന്നത് രുചിക്കാത്ത, ദഹിക്കാത്ത ആത്മീയ ഭക്ഷണമാണ്. ക്രിസ്ത്യാനിയുടെ മസ്സിലിന് അതാവശ്യമാണ്.

## ശത്രുക്കൾ നന്മയ്ക്ക്

സ്വന്തം കാര്യം മാത്രം നടത്താൻ താൽപര്യപ്പെടുന്ന നമ്മെ ശത്രുക്കൾ വിശുദ്ധീകരിക്കും. താനെന്ന ഭാവം അഹങ്കരിക്കുന്നവരെ ശത്രുക്കൾ രൂപപ്പെടുത്തി മിനുസമുള്ളവരാക്കും. ചെറിയ അറിവിനെ ചൂണ്ടികാട്ടി കൂടുതൽ അറിയാനുള്ള ശേഷിയും ഉൽസാഹവും കൊണ്ടു നിറയ്ക്കും. അതിനാൽ എല്ലാറ്റിനും ഒറ്റമൂലിയായ ശത്രുവിനെ പ്രതി ദൈവത്തിന് നന്ദി പറയുക, ശത്രുവിനെ സ്നേഹിക്കുക.

# പുതിയ വഴികൾ

1 ദ്വേഷിക്കിന്നവർക്ക് നന്മ ചെയ്യുവിൻ
2 ശപിക്കുന്നവരെ അനുഗ്രഹിക്കുവിൻ
3 അധിക്ഷേപിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ

## വചനം

നന്മ വർഷിക്കുമ്പോഴും കരുണ ചൊരിയുമ്പോഴും അത്യുന്നതൻ പക്ഷപാതം കാട്ടുന്നില്ല. നമ്മുടെ അസ്തിത്വം തന്നെ ദൈവത്തിന്റെ ക്ഷമയിലാണ്. പാപം മൂലം ദൈവത്തിന്റെ ശത്രുക്കളായിരിക്കെ, തന്റെ പുത്രന്റെ മരണംമൂലം അവിടുന്നു നമ്മെ തന്നോടു തന്നെ രമ്യതപ്പെടുത്തി. അനുരഞ്ജനത്തിലാണ് രക്ഷ. മറ്റുള്ളവരുടെ തെറ്റുകൾ നാം ക്ഷമിക്കുന്നില്ലായെങ്കിൽ നമ്മുടെ തെറ്റുകൾ സ്വർഗ്ഗസ്ഥനായ പിതാവും നമ്മോടു ക്ഷമിക്കുകയില്ല. (വി. മത്തായി 6/15, 18/35) "ക്ഷമിക്കുവിൻ നിങ്ങളോടും ക്ഷമിക്കപ്പെടും" (ലൂക്കാ 6/37) ഏഴ് എഴുപതു പ്രാവശ്യം ക്ഷമിക്കണം. (മത്തായി 18/22) "സഹോദരനുമായി രമ്യതപ്പെട്ടു വന്ന ശേഷം ബലിയർപ്പിക്കുക" (മത്തായി 5/23)

## കുർബാന

അനുരഞ്ജിതരായി തീർന്നീടാം, നവമൊരു പീഠം ഒരുക്കീടാം എന്നു നാം കുർബാന ആരംഭത്തിൽ പ്രാർത്ഥിക്കുന്നു. ശത്രുതയിലും വിദ്വേഷത്തിലും നിന്നു ആത്മാക്കളെ വിമുക്തമാക്കാം എന്നു പ്രതിജ്ഞ ചെയ്യുന്നു.

## ക്ഷമചോദിച്ചു തീരും മുമ്പുതന്നെ ക്ഷമിക്കുക

ധൂർത്തന്റെ പിതാവിനെപോലെ ക്ഷമചോദിക്കും മുമ്പുതന്നെ ക്ഷമിക്കാനാകണം. ശത്രുവിന് മനസ്താപമില്ലെങ്കിലും നാം ക്ഷമിക്കണം. കുരിശിൽ കിടക്കുമ്പോൾ യേശുവിനെ ക്രൂശിച്ച പടയാളികൾക്ക് അവിടുത്തെ കൊലപ്പെടുത്തിയതിൽ മനസ്താപം ഇല്ലാതിരിക്കെ ക്രൂശിതൻ അവരോട് ക്ഷമിക്കണമെന്ന് പ്രാർത്ഥിച്ചു, "പിതാവേ ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയുന്നില്ല" (ലൂക്കാ 23/34)

## അനുരഞ്ജനത്തിന് ആദ്യപടി

നാമല്ല തെറ്റു ചെയ്തതെങ്കിലും ആദ്യം ക്ഷമിക്കണം. മനുഷ്യൻ പാപംചെയ്തിട്ടും പിതാവാണ് അനുരഞ്ജനത്തിന് മുൻകൈ എടുത്തത്. സ്വപുത്രനെ അയച്ചത്. ഒന്നും സംഭവിച്ചില്ല എന്നവിധം ദ്രോഹങ്ങൾ മറക്കണം. നിഗൂഢമായി, ശത്രുക്കൾക്കു ചെയ്യാവുന്ന നന്മകൾ, ഒഴിവാക്കലിലൂടെ മനസ്സിൽ പ്രതികാരം സൂക്ഷിക്കരുത്.

## സ്വയം ക്ഷമിക്കുക

നാമും നമ്മോടു ക്ഷമിക്കണം. കുറ്റമില്ലാത്തവനെ ഒറ്റുകൊടുത്തതിന്റെ കുറ്റബോധത്തിൽ യൂദാസ് സ്വയം നശിച്ചതുപോലെ ആകരുത് നാം.

## പ്രാർത്ഥനയിലൂടെ ശക്തി

ദ്രോഹിച്ചവരോട് പൊറുക്കണമേ, അവരെ അനുഗ്രഹിക്കണമെയെന്ന് നിരന്തരമായി പ്രാർത്ഥിച്ച് നമുക്ക് ദൈവീകശക്തി കൈവരിക്കാം. ക്ഷമ ദൈവീക ദാനമാണ്. നമുക്കർഹമായ പലതും തട്ടിയെടുത്തവനെ അനുഗ്രഹിക്കണമെന്നു പ്രാർത്ഥിക്കാൻ ദൈവം നമുക്കു കൂട്ടാകണം.

## പഴയ പശ്ചാത്തലം

ഫറവോയുടെ സൈന്യത്തെ ചെങ്കടൽ വിഴുങ്ങിയതും, ദൈവം ശത്രുവിനെ കുരുതി കഴിച്ചതുമൊക്കെ സങ്കീർത്തനങ്ങളും കഥകളുമായി പ്രചരിച്ച, ഗോലിയാത്തിനെ തോൽപിച്ച ദാവീദിനെ പൂർവ്വീകർ നൃത്തച്ചുവടോടെയാണ് എതിരേറ്റത് എന്നതോർക്കുന്ന നാട്ടിലാണ് വേറിട്ട ശബ്ദവുമായി ഈശോ വരുന്നത്.

ബാബിലോൺ ഭരിച്ചിരുന്ന ഹമുറാബിയുടെ നിയമസംഹിതയിലാണ് കണ്ണിനു പകരം കണ്ണ്,........ എന്ന നിയമം കാണുന്നത്. മനുഷ്യനെ ഭയപ്പെടുത്തി അക്രമത്തിൽ നിന്നു മാറ്റുക, പ്രതികാരം പരിമിതപ്പെടുത്തുക എന്നിവയായിരുന്നു ലക്ഷ്യം.

## എല്ലാവരോടും

ദൈവത്തെപോലെ നല്ലവരാകണം. യഹൂദരുടെ പ്രതികാരനിയമത്തിനെതിരെ (കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല്) യേശു സുവർണ്ണ നിയമം കൊണ്ടുവരുന്നു. “മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നുവോ, അപ്രകാരം നിങ്ങൾ മറ്റുള്ളവരോടും പെരുമാറുവിൻ.” തോബിത്ത് 4/5 ന്റെ സ്വാധീനം ഇവിടെ കാണാം. മറ്റുള്ളവർ അനീതി കാട്ടരുതെന്നും, നമുക്കു നന്മചെയ്യണമെന്നുമാണ് ആരും ആഗ്രഹിക്കുന്നത്. ഇത് പൊതുവിൽ എല്ലാവരോടും ഉണ്ടായിരിക്കേണ്ട മനോഭാവമാണ്.

## തലയിൽ തീക്കനൽ

ശാപത്തിനും പീഡനത്തിനും മറുപടി നന്മ പ്രവർത്തികളാ (അനുഗ്രഹവും പ്രാർത്ഥനയും) കുമ്പോൾ നന്മകൊണ്ടു തിന്മയെ ജയിക്കാനാവും. ശത്രുവിന് വിശക്കുമ്പോൾ ഭക്ഷിക്കാനും ദാഹിക്കുന്നെങ്കിൽ കുടിക്കാനും കൊടുക്കുക. അങ്ങനെ ചെയ്യുമ്പോൾ നീ അവന്റെ തലയിൽ തീക്കനൽ കൂട്ടുന്നു. (റോമാ 12/20)

## കുരിശിലെ പ്രാർത്ഥന

കുരിശിലെ യേശുവിന്റെ പ്രാർത്ഥന നല്ല കള്ളനെ ക്രൈസ്തവനാക്കി. പ്രതികാരം ശത്രുക്കളെ ഇല്ലാതാക്കുന്നതിനു പകരം ശത്രുക്കളെ സൃഷ്ടിക്കുകയാണ് ചെയ്യുക. ശത്രുവിനെ സ്നേഹിച്ച് ശത്രുത ഇല്ലാതാക്കുകയാണ് നല്ല വഴി.

## ആദ്യ രക്തസാക്ഷി

കർത്താവിന്റെ ദാസൻ കലഹപ്രിയനാകരുത്. (2 തിമോ. 2/24) യേശുവിന്റെ ഈ പഠനങ്ങൾ ജീവിതത്തിൽ കൊണ്ടുവരുവാൻ സാധിക്കുമെന്ന് യേശുവും അനേകം വിശുദ്ധരും സ്വജീവിതം വഴി കാണിച്ചുതരുന്നു. പരിശുദ്ധാത്മാവ് നിറഞ്ഞ എസ്താപ്പാനോസ് മരണനേരത്ത് ശത്രുക്കൾക്കായി പ്രാർത്ഥിക്കുന്നു. (അപ്പ. 7/60) ശത്രുവിൽ നമ്മെപ്പോലുള്ള മനുഷ്യരെ കാണണം. തിന്മയെ ഉപേക്ഷിക്കുകയും തിന്മ ചെയ്യുന്നവരെ സ്വീകരിക്കുകയും ചെയ്യണം. “ശത്രുവിന്റെ പതനത്തിൽ സന്തോഷിച്ചാൽ, നിന്നോട് കർത്താവിന് അപ്രീതി തോന്നുകയും നിന്റെ ശത്രുവിൽ നിന്ന് കോപം അകറ്റി കളയുകയും ചെയ്യും.” (സുഭാ. 24/18) “എല്ലാം ദൈവം ചോദിക്കട്ടെ” എന്ന ഭാവം തെറ്റായ ആത്മീയതയാണ്.

## ഇപ്രകാരം സ്നേഹിക്കുവിൻ

വേദനിപ്പിച്ചവരെ, വിമർശിച്ചവരെ, കുറ്റം പറഞ്ഞവരെ, സൽപേര് നശിപ്പിച്ചവരെ, സമ്പത്തും സ്ഥാനവും അപഹരിച്ചവരെ, നമ്മെ സമൂഹത്തിൽ അപഹാസ്യരാക്കിയവരെ സ്നേഹിക്കാനാകണം. പ്രതികാരം ചെയ്യാത്ത വിധം ജീവിതത്തെ ക്രമീകരിക്കണം. പ്രതികാരം ചെയ്യാതിരിക്കുക മാത്രമല്ല ഉപകാരം ചെയ്യുകയും വേണം.

1 കരണത്തടിക്കുന്നവന് മറ്റേ ചെകിടുകൂടി കാണിച്ചു കൊടുക്കുവിൻ
2 കുപ്പായം എടുക്കുന്നതിൽ നിന്നു തടയരുത്
3 ചോദിക്കുന്ന ഏതൊരുവനും കൊടുക്കുക
4 വസ്തുക്കൾ എടുത്തുകൊണ്ടു പോകുന്നവനോട് തിരികെ ചോദിക്കരുത്

ശത്രു സ്നേഹത്തിനുള്ള ഉദാഹരണങ്ങൾ നിരത്തുന്നു. പ്രഹരം ഏൽക്കുന്നവൻ ദൈവദാസനെ അനുകരിച്ച് (ഏശയ്യാ 52/6 അടിച്ചവർക്കു പുറവും, താടിമീശ പറിച്ചവർക്കു കവിളുകളും ഞാൻ കാണിച്ചുകൊടുക്കും) വീണ്ടും പ്രഹരം സ്വീകരിക്കാൻ തയ്യാറാവണം. ( യോഹന്നാൻ 18/22ൽ തന്റെ കവിളിൽ അടിച്ചവനോട് വിശദീകരണം ചോദിക്കുന്നുണ്ട്.) അവസാനം വരെ അനീതി സഹിക്കാൻ സന്നദ്ധതയുള്ളവർക്കേ തിന്മയെ ജയിക്കാനാവൂ എന്ന സന്ദേശമാണ് ഇവിടെ പ്രധാനം. കള്ളന്മാർ ആക്രമിക്കുമ്പോൾ അവസാന വസ്ത്രം കൂടി ഉപേക്ഷിക്കാൻ സന്നദ്ധമാകണം. ദരിദ്രരും പീഡിതരുമായി കഴിയുന്നവർക്കേ, നീതിമാനായ ദൈവത്തിൽ പ്രത്യാശയുള്ളവർക്കേ, അനീതി സഹിക്കാനാവൂ. എന്തു ത്യജിക്കാൻ സന്നദ്ധരായവർക്കേ ചോദിക്കുന്നവർക്കെല്ലാം വേണ്ടതു കൊടുക്കാനാവൂ. സ്നേഹമുള്ളവർക്കേ ത്യാഗം ചെയ്യാനാവൂ.

## മേന്മ നിറഞ്ഞ ജീവിതം

1 സ്നേഹിക്കുന്നവരെ മാത്രം സ്നേഹിക്കുന്നതിൽ
2 നന്മചെയ്യുന്നവർക്കു മാത്രം നന്മചെയ്യുന്നതിൽ
3 തിരിച്ചു കിട്ടുമെന്നു കരുതി വായ്പ കൊടുക്കുന്നതിൽ

സ്വാഭാവിക നന്മ എല്ലാവരിലുമുണ്ട്. പാപികളിലും. സ്വഭാവിക നന്മയനുസരിച്ച് പ്രവർത്തിക്കുന്നവർക്കു പ്രതിഫലമില്ല. പ്രതിസ്നേഹത്തേക്കാൾ ശത്രു സ്നേഹമാണ് ഈശോ ആഗ്രഹിക്കുന്നത്. പാപികളുടെ സ്നേഹത്തെ വെല്ലുന്ന സ്നേഹം ആണാവശ്യം.

നമുക്കാവശ്യമുള്ളവരോടും, വേണ്ടപ്പെട്ടവരോടും വേണ്ടവിധം സംസാരിക്കാനും, വേണ്ടത് ചെയ്തു കൊടുക്കുവാനും അവരെ കാണുമ്പോൾ പുഞ്ചിരിക്കാനും നമുക്കു താൽപര്യമാണ്. ഇവയെല്ലാം പാപികൾക്കും പതിവുള്ള രീതിയാണ്. നാട്ടു നടപ്പു രീതികളാണിവ. വ്യത്യസ്ഥമായ ജീവിത ശൈലിക്ക് ശിഷ്യർ ഉടമകളാകണം. തിരിച്ചു കിട്ടില്ല എന്നു മനസ്സിലാക്കിതന്നെ വായ്പ കൊടുക്കണം. സാധാരണ കാര്യങ്ങൾ ചെയ്തു തൃപ്തരായാൽ പോരാ ക്രിസ്ത്യാനികൾ, അസാധാരണകളിലേക്ക് എത്തിനിൽക്കണം.

തിരിച്ചു കിട്ടുമെന്നു പ്രതീക്ഷിക്കാതെ കൊടുക്കണം. പ്രതിഫലം ആഗ്രഹിക്കാതെ നന്മചെയ്യുമ്പോൾ ദൈവത്തിൽ നിന്നു പ്രതിഫലം കിട്ടും. പ്രോജക്ടുകൾ എഴുതി ചിലർ സഹായത്തിനു ക്യൂ നിൽക്കുമ്പോൾ മദർ തെരേസ സിസ്റ്റേഴ്സിന്റെ വീട്ടുപടിക്കൽ സഹായം നൽകാനുള്ള സന്നദ്ധതയുമായി അനേകർ ക്യൂ നിൽക്കുന്നു. മടിയിൽ കുത്തിനിറച്ചളന്നുതരുന്ന അനുഭവം.

തറവാടുയോഗങ്ങൾ നടത്തി കുലമഹിമയിൽ അഭിമാനിക്കാറുണ്ട് മനുഷ്യർ. യശസ്സുയർത്താൻ എന്തു വിലയും നൽകും. അന്തസ്സ് കാക്കും. സ്വർഗ്ഗത്തിന്റെ മക്കൾക്കുള്ള അന്തസ്സാണ് ഉന്നതമായ ധാർമ്മികത.

ദുഷ്ടർക്കു ദൈവം നന്മചെയ്യും പോലെ ശത്രുക്കൾക്കായി ദൈവപുത്രപദവിക്കർഹരായവർ നന്മ ചെയ്യണം. വിശ്വാസികളെ തിരിച്ചറിയാനുള്ള അടയാളമതാണ്. ദൈവാനുകരണത്തിനായുള്ള ആഹ്വാനം നമുക്കു കേൾക്കാം.

### പ്രത്യേകം ശ്രദ്ധിക്കാൻ

നാം നമ്മെ ക്രമപ്പെടുത്തുമ്പോൾ മനുഷ്യരിൽ നിന്നുള്ള താൽക്കാലിക പ്രതിഫലമല്ല, യുഗാന്ത്യത്തിലെ പ്രതിഫലമാണ് മുന്നിൽ കാണേണ്ടത്. ശത്രുവിനോട് പൊറുക്കുമ്പോൾ നാം അവനു മീതെയാകുന്നു, അവനെ ദ്രോഹിക്കുന്ന പക്ഷം നാമവനേക്കാൾ താഴെയാകുന്നു. ശത്രുതയും പ്രതികാരവും അവനെ നമുക്കൊപ്പമാക്കുന്നു. പിതാവിന്റെ പൂർണ്ണത എന്നത് അവിടുത്തെ കാരുണ്യമാണ്. സ്വപുത്രനെ അയച്ചാണ് മനുഷ്യരെ സ്നേഹിതരാക്കിയത്. മിത്രമാകാൻ മുറിവേറ്റു പുത്രൻ.

## അംഗീകാരവും, പുത്ര പദവിയും

**ശത്രുക്കളെ സ്നേഹിക്കുന്നവർക്കു രണ്ടു സമ്മാനങ്ങളുണ്ട്.**

**1 പ്രതിഫലം (ദൈവത്തിന്റെ അംഗീകാരം) വലുതായിരിക്കും,**
**2 അവരെ അത്യുന്നതന്റെ മക്കളാക്കുന്നു.**

**അത്യുന്നതന്റെ സ്വഭാവത്തിൽ പങ്കുചേരാൻ വിളിക്കപ്പെട്ട മക്കളായ നാം അപ്രകാരമുള്ള പെരുമാറ്റ ശൈലിക്ക് ഉടമകളാകണം.**

## പ്രതിവിധി

**സ്നേഹം മാത്രമാണ് എല്ലാറ്റിനും പ്രതിവിധി. ശിക്ഷയും നാശവും ധീരതയല്ല. ശത്രുത തുടരാനെ അവ ഉപകരിക്കൂ.**

## വജ്രമോതിരം

**ഒരാൾ ഏറ്റവും നല്ല പ്രവൃത്തി ചെയ്യുന്ന മകന് നൽകാൻ ഒരു വജ്രമോതിരം കാത്തുവച്ചു. മൂത്തയാൾ ദാനമായി കിട്ടിയത് തന്നയാൾക്ക് പലിശ സഹിതം നൽകി. അത് നീതി മാത്രമായേ പിതാവ് കാണുകയുണ്ടായുള്ളു. രണ്ടാമത്തെയാൾ വെള്ളത്തിൽ മുങ്ങിപ്പോയ കുട്ടിയെ രക്ഷിച്ചു. അത് ധീരമായ പ്രവൃത്തിയായി പിതാവു കണ്ടു. മൂന്നാമത്തെയാൾ അവന്റെ ശത്രു ഉറക്കത്തിൽ നടന്ന് കൊക്കയ്ക്കരികിലെത്തിയപ്പോൾ ഗർത്തത്തിനരികിൽ നിന്ന് അവനെ രക്ഷിച്ചു. ശത്രുവിനോട് കുലീനമായി പെരുമാറിയ ആ മകനാണ് വജ്രം സമ്മാനിച്ചത്.**

## ശത്രുക്കൾക്കൊരു മാളിക

**ഒരാൾ സ്വന്തമായ ഒരു മാളിക പണിതു. സുന്ദരമായ മാളിക. പണിതീർന്നപ്പോൾ ശത്രുക്കൾ വന്ന് അതിൽ താമസമാക്കി. സൈര്യവും സ്വസ്ഥതയും കിട്ടാൻ നമ്മൾ മറ്റുള്ളവരെ മറികടന്ന് മനസ്സൊരുക്കും. പക്ഷെ നാം എല്ലാവരേയും അതിനുള്ളിൽ ശത്രുക്കളാക്കിയിരിക്കും.**

## രണ്ടു കുർബാനകൾ

**1848 ലെ ഫ്രഞ്ച് ആഭ്യന്തരയുദ്ധത്തിൽ ജനറൽ ഡാമോസ് 2 കുർബാനകൾ ചൊല്ലിച്ചു. ഒന്നു തനിക്കും മറ്റൊന്നു ശത്രുവിനും.**

## സദ്ദാമിന്റെ പ്രതികാരം

1996 ഫെബ്രുവരി 24 ലെ പത്രത്തിൽ സദ്ദാമിന്റെ രണ്ടു മക്കളേയും അവരുടെ കുടുംബാംഗങ്ങൾ തന്നെ കൊന്നു എന്ന വാർത്ത വായിക്കുകയുണ്ടായി. സദ്ദാമിൻരെ മകളുടെ ഭർത്താവ് ജനറൽ ഹുസൈൻ കമലും കുടുംബവും ജോർദ്ദാനിൽ അഭയം തേടി. യു എന്നിന് ഇറാക്കിന്റെ ആയുധശേഖരത്തിന്റെ രഹസ്യങ്ങൾ കൈമാറി, സദ്ദാമിനെ തള്ളി പറഞ്ഞു. ജനാധിപത്യരാജ്യങ്ങളോട് ഇടപെടാൻ അഭ്യർത്ഥന നടത്തി. കുറേനാൾ കഴിഞ്ഞപ്പോൾ പെൺമക്കൾക്ക് ഇറാക്കിൽ തിരികെ പോകാൻ ആഗ്രഹം. സദ്ദാം മാപ്പു നൽകാമെന്ന് വാഗ്ദാനം ചെയ്തു. നാട്ടിലെത്തിയപ്പോൾ പെൺമക്കളെക്കൊണ്ട് ഭർത്താക്കന്മാരെ മൊഴിചൊല്ലിച്ചു. തുടർന്ന് ഭർത്താക്കന്മാരുടെ കുടുംബത്തെ കൊന്നു കളഞ്ഞു. “വഞ്ചകരുടെ ശാഖയെ വെട്ടിനീക്കി”യതായി പ്രഖ്യാപിച്ചു. പ്രതികാരം പൂർത്തിയാക്കി.

## ഗർഭസ്ഥ ശിശു

അംഗവൈകല്ല്യമുള്ള ഉദരശിശു പലർക്കും ശത്രുവാണ്. പ്രാർത്ഥനാപൂർവ്വം ആ കുഞ്ഞിനെ സ്വീകരിക്കുമ്പോൾ നാം ദൈവപാതയിലാണ്.

## ഗാന്ധിജി

തന്നെ ചവിട്ടാനുയർത്തിയ കാലുകൾ വേദനിച്ചുവോ എന്നു ചോദിക്കുവാൻ മാത്രം വളർന്നിരുന്നു ഗാന്ധിജിയുടെ ക്ഷമ.

## ആരേയും വിധിക്കാത്തവൻ

ജറുസലേം കവാടത്തിനരുകിൽ ഒരു കുരുടൻ ഭിക്ഷയാചിച്ചിരുന്നു. പത്തു രൂപയിട്ട ശേഷം കൂടുതൽ പണം ചട്ടിയിൽ നിന്നെടുക്കുന്നവരും അയാൾക്കരികിൽ വരാറുണ്ട്. പക്ഷെ ആരേയും അതിന്റെ പേരിൽ ഒരിക്കലും വേദനിപ്പിച്ചില്ല, കാരണം അങ്ങനെ പിച്ചച്ചട്ടിയിൽ നിന്നു കളവുനടത്താൻ അവർക്കു അവരുടേതായ കാരണം ഉണ്ടാകുമെന്നയാൾ ചിന്തിച്ചു. അതുതന്നെ സ്വർഗ്ഗത്തിൽ അയാൾക്കു വാതിൽ തുറക്കാൻ കാരണമായി.

## ശല്ല്യമായ ഭിക്ഷക്കാരി

ചെറു നാണയം കൊടുത്ത് ഒഴിവാക്കിയ ഭിക്ഷക്കാരി ആ വീട്ടുകാരിയുടെ കുഞ്ഞിനെ കാറിന്റെ ചക്രത്തിനരികിൽ നിന്നും വലിച്ചെടുത്ത് രക്ഷിച്ചതു കണ്ടപ്പോൾ എത്ര കൊടുത്താലും ആ ഉപകാരത്തിന് വിലയാകില്ലെന്നു മനസ്സിലാക്കി.

# വിധിക്കരുത്

രണ്ട് നിരോധനങ്ങൾ കൊടുത്തിരിക്കുന്നു. 1 വിധിക്കരുത്, 2 കുറ്റാരോപണം നടത്തരുത്.

ദൈവം കാരുണ്യത്തോടെ പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നു. മറ്റുള്ളവരെ വിധിക്കുന്നവൻ തന്നെ വിധിക്കുവാൻ ദൈവത്തെ ക്ഷണിക്കുകയാണ്. മറ്റുള്ളവരുടെ മേൽ കുറ്റാരോപണം നടത്തുന്നവൻ തന്റെ മേൽ കുറ്റാരോപണം നടത്താൻ ദൈവത്തെ ക്ഷണിക്കുന്നു.

രണ്ടു ക്രിയാത്മക കൽപനകളും നൽകിയിരിക്കുന്നു. 1 ക്ഷമിക്കുക, 2 കൊടുക്കുക.

സഭയ്ക്കുള്ളിലുള്ളവരെ ഉദ്ദേശിച്ചുള്ള ഭാഗമാണിത്. സഹോദരസ്നേഹത്തിന്റെ ഭാഗമാണിത്. ശിഷ്യൻ സഹോദരനെതിരെ വിധി പ്രസ്താവിക്കാതെ അവനോട് ക്ഷമിക്കുകയാണ് വേണ്ടത്. അപ്പോൾ ശിഷ്യനും ദൈവത്തിൽ നിന്നും കരുണ ലഭിക്കും. സഹോദരബന്ധങ്ങളിൽ തികഞ്ഞ ഔദാര്യമാണ് നിറയേണ്ടത്. വിധിക്കുന്നതിൽ രസം കണ്ടെത്തുന്നവർ അനേകമാണ്. വിധി ദൈവത്തിന്റെ ജോലിയാണ്. അതു ചെയ്യുന്നവർ തങ്ങളെ ദൈവത്തിനു തുല്ല്യരാക്കുന്നു. പാപിയേയും വിശുദ്ധരേയും ഒരു പോലെ സ്നേഹിക്കുന്നവനാണ് ദൈവം. ഗോതമ്പും കളയും ഒരുമിച്ചു വളരാൻ അനുവദിക്കുന്നവനും. മറ്റുള്ളവരുടെ വസ്തുതകൾ നമുക്കറിഞ്ഞുകൂടാ.

ഔദാര്യ നിധികളായ കൃഷിക്കാർ തങ്ങളുടെ വേലക്കാർക്ക് ധാന്യം അളന്നു കൊടുക്കുന്നതു കുലുക്കി നിറച്ചാണ്. പരിധികളും വ്യവസ്ഥകളും വച്ച് തെറ്റുകൾ ക്ഷമിക്കുന്നതും നന്മകൾ ചെയ്യുന്നതും ആരേയും യേശു ശിഷ്യനാക്കുന്നില്ല.

സ്വന്തം കുറ്റം മറച്ചുവച്ച് അന്യരുടെ കുറ്റം പെരുപ്പിക്കുന്നവരുണ്ട്. അത്തരം പ്രേരണ സാധാരണമാണ്. ശിഷ്യനത് അതിജീവിക്കണം. നല്ലവരെന്നു ചമഞ്ഞ് അന്യരെ വിമർശിക്കുന്ന ഫരിസേയരെ അന്ധരെ നയിക്കുന്ന അന്ധരെന്ന് ഈശോ പരിഹസിക്കുന്നു. തെറ്റുള്ളവർക്ക് തെറ്റുള്ളവരെ തിരുത്തുക സാധ്യമല്ല. അതിനാൽ അന്ധരാൽ ശിഷ്യൻ നയിക്കപ്പെടാൻ പാടില്ല. അബദ്ധ പ്രബോധകരേയും ഉദ്ദേശിക്കുന്നുണ്ടിവിടെ.

കരുണ കാണിക്കുന്നതിന്റെ ഭാഗമാണ് വിധിക്കാതിരിക്കുന്നതും (ക്ഷമിക്കുന്നതും) കൊടുക്കുന്നതും. ബാഹ്യമായതു മാത്രം കണ്ടു വിധിക്കുന്ന മനുഷ്യന് തെറ്റു പിണയാം. മുൻവിധികളും വിമർശനങ്ങളും തെറ്റാം.

ശിഷ്യൻ അന്ധനെ നയിക്കുന്ന അന്ധനാകരുത്. ഗുരുവിനെക്കാൾ വലിയവനുമല്ലവൻ. ഗുരുവിന്റെ കാഴ്ചകളെ ശിഷ്യൻ അവഗണിക്കരുത്. സ്വയം തിരുത്തി മറ്റുള്ളവരെ തിരുത്തണം.